# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കോട്ടുവള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**
**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി12)/874/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 16/08/2025
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടുവള്ളി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോട്ടുവള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടുവള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി12)/874/2025 തീയ്യതി: 16/08/2025

## എറണാകുളം ജില്ലയിലെ കോട്ടുവള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കോട്ടുവള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പി.കെ.മിനു | ഡെപ്യൂട്ടി ഡയറക്ടർ | 16-07-2025 | 25-07-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-07-2025 | 25-07-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ശ്രീ. പോളി ടി ഒ, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ)
2. ശ്രീമതി ഷൈനി പി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
3. ശ്രീമതി കവിത എസ് കണ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
4. ശ്രീമതി ബെറ്റ്സി സി എക്സ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷാജി കെ എസ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി സാന്ദ്ര ജോസഫ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 28-04-2024 |
| ശ്രീമതി പ്രീതി എം.ബി | സെക്രട്ടറി | 29-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സാന്ദ്ര ജോസഫ് | അസി.സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീ. രാജീവ് ഗോപാൽ | അസി.എഞ്ചിനീയർ | 01-04-2024 | 19-01-2025 |
| ശ്രീമതി ലിജി ടി.എൻ | അസി.എഞ്ചിനീയർ | 20-01-2025 | 31-03-2025 |
| ശ്രീമതി രേവതി എം.എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി മെരിമ ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി ചന്ദ്രപ്രഭ എൻ വി | ഹെഡ്മിസ്ട്രസ് | 01-04-2024 | 31-03-2025 |
| ഡോ.സലിം കെ. മണിക്ഫാൻ | വെറ്റിനറി സർജൻ | 01-04-2024 | 14-04-2024 |
| ഡോ അശ്വതി പി യു | വെറ്റിനറി സർജൻ | 15-04-2024 | 31-03-2025 |
| ഡോ. ഇന്ദു സേവ്യർ എൻ. | മെഡിക്കൽ ഓഫീസർ, ആയ്യൂർവേദം | 01-04-2024 | 31-03-2025 |
| ഡോ. ദീപക് കെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 25-10-2024 |
| ഡോ ദീപ്തി കെ എച്ച് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 26-10-2024 | 31-03-2025 |
| ശ്രീ. അതുൽ ബി. മണപ്പാടൻ | കൃഷി ഓഫീസർ | 01-04-2024 | 29-12-2024 |
| ശ്രീ ബേസിൽ ചാക്കോച്ചൻ | കൃഷി ഓഫീസർ | 30-12-2024 | 31-03-2025 |
| ശ്രീമതി റിനി സി.എം | വി.ഇ.ഒ, കോട്ടുവള്ളി | 01-04-2024 | 31-03-2025 |
| ശ്രീമതി ബിൻസീന ഇബ്രാഹിം | വി.ഇ.ഒ തത്തപ്പിള്ളി | 01-04-2024 | 06-09-2024 |
| ശ്രീമതി റീന കെ പി | വി.ഇ.ഒ തത്തപ്പിള്ളി | 07-09-2024 | 31-03-2025 |
| ഡോ.കീർത്തി പി. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2024 | 31-07-2024 |
| ഡോ സുരേഷ് കുമാർ പി ആർ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-08-2024 | 31-03-2025 |
| ശ്രീ. സുജ ദേവൻ വി. | ഫിഷറീസ് ഓഫീസർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ധനകാര്യകമ്മീഷൻ ഗ്രാന്റ്-അലോട്ട്മെന്റ് തുകകൾ പൂർണമായി വരവ് വച്ചില്ല | 1-1-1 |
| 2 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 3 | വിവാഹധനസഹായം അനുവദിച്ചത് വാർഷികകണക്കിൽ ചെലവായി രേഖപ്പെടുത്തിയില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത | 1-1-3 |
| 5 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | മെയിന്റനൻസ് ഗ്രാന്റ് 2,05,77,165/- രൂപ ലാപ്സായി | 1-4-1 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | വാടക കുടിശ്ശിക നിലനിൽക്കുന്നു -കടമുറികൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു. | 1-10 |
| 16 | ഉപയോഗ ക്രമം മാറ്റി വസ്തുനികുതി ഈടാക്കിയിരിക്കുന്നു- | 1-11 |
| 17 | മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല - | 1-12 |
| 18 | വസ്തു നികുതി കുടിശ്ശിക ₹26,21,561.00 നിലനിൽക്കുന്നു- | 1-13 |
| 19 | ലൈസൻസ്, പാരാ മെഡിക്കൽ രജിസ്ട്രേഷൻ എന്നിവയില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു- | 1-14 |
| 20 | വനിതകൾക്ക് സ്വയം തൊഴിലിന് ഇരുചക്ര വാഹന വിതരണം - അപാകത ചെലവ് തുക ₹964412/-തടസ്സപ്പെടുത്തുന്നു | 1-15 |
| 21 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല-1059273/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 22 | ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല. | 1-17 |
| 23 | മരുന്ന് പൂർണമായി ലഭ്യമായില്ല-₹3,39,166 രൂപ തടസ്സപ്പെടുത്തുന്നു | 1-18 |
| 24 | കരാർ നിയമനം-ഡോക്ടറുടെ വേതനത്തിൽ നിന്നും ആദായനികുതി ഈടാക്കിയില്ല | 1-19 |
| 25 | സാന്ത്വന പരിചരണം പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 1-20 |
| 26 | ഭിന്നശേഷിക്കാർക്ക് ഉപകരണം-പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ-697621/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 27 | പൊതു കുടിവെള്ള ടാപ്പുകളുടെ എണ്ണം വ്യക്തമല്ല - | 1-22 |
| 28 | വാഹനം - ലോഗ് ബുക്കിൽ ദൂരം രേഖപ്പെടുത്തുന്നതിൽ അപാകത | 1-23 |
| 29 | അഡ്വക്കേറ്റ് ഫീസ് അഡ്വാൻസ് നൽകുന്നത്- അപാകത | 1-24 |
| 30 | ഫിക്സഡ് ഡെപ്പോസിറ്റ് - അപാകതകൾ | 1-25 |

| | | |
|---|---|---|
| 31 | റോഡുകളിൽ മുഴുവൻ ഏരിയായും GSB- പ്രവൃത്തി ചെയ്യുന്നത് ആവശ്യകത വ്യക്തമല്ല. | 1-26 |
| 32 | വിവിധ അംഗൻവാടികളുടെ മെയിന്റനൻസ്- അപാകതകൾ | 1-27 |
| 33 | പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് മെയിന്റനൻസ് - അപാകതകൾ | 1-28 |
| 34 | ഓഡിറ്റ് ഇംപാക്റ്റ് - ₹8350.00 അടവാക്കി. | 1-29 |
| 35 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-30 |
| | **ഭാഗം 2** | |
| 1 | വാടക കുടിശ്ശിക തുക നിലനിൽക്കുന്നു - വരവ് നഷ്ടം. | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന. | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ /വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ് – സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1-1 ധനകാര്യകമ്മീഷൻ ഗ്രാന്റ്-അലോട്ട്മെന്റ് തുകകൾ പൂർണമായി വരവ് വച്ചില്ല

18.06.2024 ലെ GO(Rt) 4802/2024/Fin. നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അനുവദിച്ച 2024-25 വർഷത്തെ ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ടിന്റെ രണ്ടാം ഗഡു തുകയായ 15813/- രൂപയും അൺ ടൈഡ് ഫണ്ടിന്റെ രണ്ടാം ഗഡു തുകയായ 23/- രൂപയും ഇതിനായി ആരംഭിച്ച യൂണിയൻ ബാങ്ക് കോട്ടുവള്ളി ശാഖയിലെ 289922010000066 നമ്പർ അക്കൗണ്ടിൽ ക്രഡിറ്റാകാത്തതിനാൽ വാർഷികകണക്കിലും വരവ് വച്ചിട്ടില്ല. പ്രസ്തുത തുകകൾ ഗ്രാമപഞ്ചായത്തിന് ലഭ്യമാകാത്തത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി നം-1/16.07.25) മറുപടി ലഭ്യമാക്കിയില്ല.

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 04.07.2025-ലെ 23(1)ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **07.07.2025** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **കോട്ടുവള്ളി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025** ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2025** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ

വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **കോട്ടുവള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-25** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : എറണാകുളം**

**തീയതി: 16.08.2025**

**ഡെപ്യൂട്ടി ഡയറക്ടർ**

**1-1-2 വിവാഹധനസഹായം അനുവദിച്ചത് വാർഷികകണക്കിൽ ചെലവായി രേഖപ്പെടുത്തിയില്ല**

എറണാകുളം ജില്ല കളക്ടറുടെ 12.02.2025 ലെ DCEKM/4147/2019/F3 നമ്പർ ഉത്തരവിലൂടെ സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായമായി 2024-25 വർഷം കോട്ടുവള്ളി പഞ്ചായത്തിന് ₹90,000/- അനുവദിച്ചിട്ടുണ്ട്. പ്രസ്തുക തുക മൂന്ന് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് (സലോമി ആന്റണി, കുമാരി.വി.വി, സുലേഖ ലത്തീഫ്) കൈമാറി നൽകിയിട്ടുമുണ്ട് (യഥാക്രമം ₹60,000/- BRN-2411035200270155 6170/16.03.25, ₹30,000/- BRN-241103520027016 11744/20.03.25) എന്നാൽ മേൽ ചെലവ് വാർഷികകണക്കിൽ പെടുത്തിയിട്ടില്ല. കണക്കുകൾ യഥാസമയം ലഭിക്കാതിരുന്നതിനാലാണ് ആയത് ഉൾപ്പെടുത്തുവാൻ വിട്ടുപോയതെന്ന് വിശദീകരണമാവശ്യപ്പെട്ട എൻക്വയറിക്ക് (നം-8/17.07.25 ) മറുപടി നൽകി.

**1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase (Decrease) In Cash And Cash Equivalent” ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹-12225792/- ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity” ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹7262239/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-4 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2 (ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ തുടങ്ങി അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

**1-2 ബജറ്റ്**

കോട്ടുവള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 08.02.2024 ലെ 1-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി 15.03.2025 ലെ 4(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് എസ്റ്റിമേറ്റ് | | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| മുന്നിരുപ്പ് | ₹2,12,21,349 | ₹2,12,21,349 |
| വരവ് | ₹45,76,09,000 | ₹45,91,73,000 |
| ആകെ | ₹47,88,30,349 | ₹48,03,94,349 |
| ചെലവ് | ₹47,48,79,000 | ₹47,35,44,000 |

| | | |
|---|---|---|
| നീക്കിയിരുപ്പ് | ₹39,51,349 | ₹68,50,349 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | ₹8,79,91,276 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹9,19,58,802 |
| ആകെ | ₹17,99,50,078 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹10,41,84,594 |
| നീക്കിയിരിപ്പ് | ₹7,57,65,484 |

ഈ ഖണ്ഡികയിലെ ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റും വരവ് ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

**1-4-1 മെയിന്റനൻസ് ഗ്രാന്റ് 2,05,77,165/- രൂപ ലാപ്സായി**

കോട്ടുവള്ളി ഗ്രാമ പഞ്ചായത്തിന് 2024-25 സാമ്പത്തിക വർഷം മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിൽ ₹3,59,63,000/-യുടെ അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്. എന്നാൽ 1.5 കോടി രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. സുലേഖ ചെലവ് പത്രിക അനുസരിച്ച് മരാമത്ത് പ്രവൃത്തികൾക്കായി 136 പ്രോജക്ടുകൾക്ക് തുക വകയിരുത്തിയെങ്കിലും 67 എണ്ണം മാത്രമാണ് നടപ്പാക്കിയതെന്ന് കാണുന്നു. ആയതിനാൽ പദ്ധതി വിഹിതത്തിൽ നിന്നും 2.05 കോടി രൂപ ലാപ്സായിപോയിട്ടുണ്ട്. പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കി ഫണ്ടുകൾ പ്രയോജനകരമായി വിനിയോഗിക്കുന്നതിന് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയും ഇടപെടലും ഉണ്ടാകേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ് പ്രകാരം വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) | ചെലവഴിക്കാതെ ലാപ്സായ തുക(₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 3,35,92,000 | 3,35,92,000 | 3,03,06,530 | 0 | 32,85,470 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 97,66,000 | 97,66,000 | 96,97,738 | 0 | 68,262 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 4,10,000 | 4,10,000 | 4,10,000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 3,59,63,000 | 3,59,63,000 | 1,53,85,835 | 0 | 2,05,77,165 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 1,33,54,000 | 1,33,54,000 | 83,95,421 | 0 | 49,58,579 |
| ധനകാര്യകമ്മീഷൻ അവാർഡ്(അൺ ടൈഡ്) | 22,00,669 | 59,12,420 | 81,13,089 | 35,24,010 | 45,89,079 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | 30,91,221 | 1,14,65,500 | 1,45,56,721 | 26,22,302 | 1,19,34,419 | 0 |
| അവാർഡ് 320100105 | 4,00,000 | 0 | 4,00,000 | 1,00,000 | 3,00,000 | 0 |
| ഐ.സി.ഡി.എസ്. 320100196 | 28,34,527 | 26,47,176 | 54,81,703 | 33,13,597 | 21,68,106 | 0 |
| ഹെൽത്ത് ഗ്രാന്റ് 320100202 | 2,63,413 | 5,38,466 | 8,01,879 | 2,61,189 | 5,40,690 | 0 |
| ഹെൽത്ത് ഗ്രാന്റ് 320100204 | 4,83,110 | 8,18,087 | 13,01,197 | 5,08,707 | 7,92,490 | 0 |
| ശുചിത്വ മിഷൻ 320100198 | 12,69,665 | 9,86,486 | 22,56,151 | 9,60,000 | 12,96,151 | 0 |
| ടോട്ടൽ സാനിറ്റേഷൻ 320100181 | 3,31,325 | 0 | 3,31,325 | 0 | 3,31,325 | 0 |
| ഫ്ലഡ് റിലീഫ് 320100192 | 1,00,000 | 1,00,000 | 2,00,000 | 0 | 2,00,000 | 0 |
| റൂറൽ ഹൗസിംഗ് 320100160 | 18,29,757 | 61,00,000 | 79,29,757 | 78,70,000 | 59,757 | 0 |
| ബഡ്സ് സ്കൂൾ ഗ്രാന്റ് (മറ്റ് ഗവ. ഏജൻസികൾ) 320300199 | 394 | 12,50,000 | 12,50,394 | 11,06,721 | 1,43,673 | 0 |

കുറിപ്പ്.

1)വികസനഫണ്ട് -ജനറൽ: വരവിൽ ₹54,56,158/-യുടെ ജി.ഒ പ്രോജക്ടും ചെലവിൽ ₹26,85,570/-യുടെ ക്യാപിറ്റൽ കോൺട്രിബ്യൂഷനും ഉൾപ്പെടുന്നു.

2)വികസനഫണ്ട്- എസ്.സി.പി: വരവിൽ ₹14,34,891/-യുടെ ജി.ഒ പ്രോജക്ട് കൂടി ഉൾപ്പെടുന്നു.

3)വികസനഫണ്ട്- ടി.എസ്.പി: വരവിൽ ₹1,01,958/-യുടെ ജി.ഒ പ്രോജക്ട് കൂടി ഉൾപ്പെടുന്നു.

4)മെയിന്റനൻസ് ഫണ്ട് റോഡ് : ചെലവിൽ ₹23,53,000/- യുടെ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഉൾപ്പെടുന്നു.

5)മെയിന്റനൻസ് ഫണ്ട് നോൺറോഡ് : ചെലവിൽ ₹5,61,467/- യുടെ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഉൾപ്പെടുന്നു.

6)ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied) : വരവിൽ ₹2,52,001/-യുടെ ബാങ്ക് പലിശയും ചെലവിൽ ₹21,29,046/- ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഉൾപ്പെടുന്നു. അൺടൈഡ് ഫണ്ടിന്റെ രണ്ടാം അലോട്ട്മെന്റ് തുകയായ 23/- രൂപ റസീപ്റ്റ് ചെയ്തിട്ടില്ലാത്തതിനാൽ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല. ആയത് അപാകതയായി ഖണ്ഡിക 1-1-1 ൽ സൂചിപ്പിച്ചിട്ടുണ്ട്.

7)ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) : ചെലവിൽ ₹11,78,831/-യുടെ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഉൾപ്പെടുന്നു. ടൈഡ് ഫണ്ടിന്റെ രണ്ടാം അലോട്ട്മെന്റ് തുകയായ ₹15,813/- റസീപ്റ്റ് ചെയ്തിട്ടില്ലാത്തതിനാൽ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല. ആയത് അപാകതയായി ഖണ്ഡിക 1-1-1 ൽ സൂചിപ്പിച്ചിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 313 | 275623869 | 113 | 128708806 | 97 | 103 | 36.10% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 10,85,586 | 10,85,586 | 10,85,586 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,74,46,637 | 2,74,46,637 | 2,74,46,637 | 0 |
| ആകെ | 0 | 2,85,32,223 | 2,85,32,223 | 2,85,32,223 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്രമ നമ്പർ | പെൻഷൻ ഇനം | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 45,72,000 | 285 |
| 2 | വിധവാ പെൻഷൻ | 2,81,67,700 | 1816 |
| 3 | വാർധക്യകാല പെൻഷൻ | 6,02,47,600 | 4236 |
| 4 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 70,04,500 | 448 |
| 5 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 13,85,600 | 94 |
| 6 | വിവാഹ ധനസഹായം * | 90000 | 3 |

*വിവാഹ ധനസഹായ തുക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് അപാകതയായി 1-1-2 ൽ സൂചിപ്പിച്ചിട്ടുണ്ട്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.07.2025 തീയതിയിൽ ഉച്ചയ്ക്ക് ശേഷം 3 പി.എം സമയത്ത് അസി.സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹13961.00 യുടെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ കാര്യക്ഷമമാക്കേണ്ടതാണ്.

1) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതികൾ വിലയിരുത്തേണ്ടതും മോണിട്ടറിംഗ് റിപ്പോർട്ട് പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

2)പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കേണ്ടതും ലഭ്യമാകുന്ന ഗ്രാന്റുകൾ കാര്യക്ഷമമായി വിനിയോഗിക്കേണ്ടതുമാണ്. തൻവർഷം 2 കോടി രൂപയോളം മെയിന്റനൻസ് ഫണ്ടിനത്തിൽ ലാപ്സായത് ശ്രദ്ധയിൽ പെടുത്തുന്നു.

3) 1997-98 മുതലുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാനവശേഷിക്കുന്നുണ്ട്. വിശദ വിവരം ഖണ്ഡിക 4-11-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടുകൾ

സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) പഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ചുള്ള ബൈലോ രൂപീകരിച്ച് അറിയിക്കേണ്ടതാണ് (2005 ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ, ചട്ടം7(1).

5) പഞ്ചായത്ത് ഓഡിറ്റോറിയം , ഹാൾ എന്നിവയുടെ വാടക രജിസ്റ്റർ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

6) രസീതു ബുക്കുകൾ മണി വാല്യൂ ഫോമ്സ് ആയതിനാൽ, ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ആയത് കേടുപാടുകളില്ലാതെ ശരിയായ രീതിയിൽ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-10 വാടക കുടിശ്ശിക നിലനിൽക്കുന്നു -കടമുറികൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു.

1. കോട്ടുവള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതുപ്രകാരം, പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ വാടക കുടിശ്ശികയായി, ₹1,37,298.00 നിലനിൽക്കുന്നു. വിശദവിവരങ്ങൾ ഭാഗം 2-1 ൽ ചേർത്തിരിക്കുന്നു.

2. താഴെ ചേർക്കുന്ന കടമുറികൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു.

| ക്രമ നം. | കെട്ടിട നം. |
|---|---|
| 1. | 11/352A |
| 2. | 11/352D |
| 3. | 11/352P |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (6/18.07.25) മറുപടിയായി, ടി കടമുറികൾ 20.06.2024, 06.07.2024, 29.07.2024,19.09.2024, 07.01.2025 എന്നീ തീയതികളിൽ ലേലം നടത്തിയെങ്കിലും ആരും തന്നെ ലേലം കൊണ്ടിട്ടില്ലായെന്നാണ് അറിയിച്ചത്.

പഞ്ചായത്തിന്റെ തനതുവരുമാനത്തിന്റെ ഉറവിടങ്ങളിലൊന്നാണ് വാടകയിനത്തിലുള്ള വരുമാനമെന്നതിനാൽ, ലേലം മുഖേന പ്രസ്തുത കടമുറികൾ ഏറ്റെടുക്കാൻ ആരും തയ്യാറാകാത്തത് എന്താണെന്നുള്ളതിന്റെ യഥാർത്ഥ കാരണം കണ്ടെത്തി പരിഹരിച്ച്, അവ ലേലം ചെയ്തു കൊടുക്കുവാൻ വേണ്ട തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

## 1-11 ഉപയോഗ ക്രമം മാറ്റി വസ്തുനികുതി ഈടാക്കിയിരിക്കുന്നു-

സഞ്ചയസോഫ്റ്റ് വെയർ മുഖേന വസ്തുനികുതി പരിശോധിച്ചതു പ്രകാരം താഴെചേർക്കുന്ന സർവ്വീസ് സഹകരണ ബാങ്കുകളുടെ ഉപയോഗക്രമം "ബങ്കുകൾ" എന്ന് തെറ്റായി രേഖപ്പെടുത്തി, വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ/ സ്ഥാപനം | ഉപയോഗക്രമം | വസ്തു നികുതി നിരക്ക് (₹) | കെട്ടിടത്തിന്റെ തറവിസ്തീർണ്ണം (ച.മീ.) |
|---|---|---|---|---|---|
| 1 | 6/413 | സെക്രട്ടറി, മന്നം സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 30.55 |
| 2 | 6/414 | സെക്രട്ടറി, മന്നം | ബങ്കുകൾ | 40.00 | 30.58 |

| | | | | | |
|---|---|---|---|---|---|
| | | സർവ്വീസ് സഹകരണ ബാങ്ക് | | | |
| 3 | 6/415 | സെക്രട്ടറി, മന്നം സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 30.58 |
| 4 | 6/416 | സെക്രട്ടറി, മന്നം സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 30.58 |
| 5 | 6/417 | സെക്രട്ടറി, മന്നം സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 30.58 |
| 6 | 6/418 | സെക്രട്ടറി, മന്നം സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 30.58 |
| 7 | 6/419 | സെക്രട്ടറി, മന്നം സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 70.58 |
| 8 | 22/433 | സെക്രട്ടറി, കൈതാരം സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 195 |
| 9 | 22/434 | സെക്രട്ടറി, കൈതാരം സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 20 |
| 10 | 22/435 | സെക്രട്ടറി, കൈതാരം സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 14 |
| 11 | 22/436 | സെക്രട്ടറി, കൈതാരം സർവ്വീസ് സഹകരണ ബാങ്ക് | കമ്പ്യൂട്ടർ സെന്റർ | 40.00 | 11 |

ബാങ്കുകളിൽ നിന്ന്, വാണിജ്യസ്ഥാപനങ്ങൾക്ക് ബാധകമായ നിരക്കിൽ ചതുരശ്ര മീറ്ററിന് ₹50/- (100 ചതുരശ്ര മീറ്റർ വരെ), ₹60/- (100 ചതുരശ്ര മീറ്ററിന് മുകളിൽ) വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത നിരക്കിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ

താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.17/19.07.25) മറുപടിയായി, അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് അറിയിച്ചു.

ബാങ്കുകളിൽ നിന്ന്, വാണിജ്യസ്ഥാപനങ്ങൾക്ക് / ധനകാര്യ സ്ഥാപനങ്ങൾക്ക് ബാധകമായ നിരക്കിൽ ചതുരശ്ര മീറ്ററിന് ₹50/- (100 ചതുരശ്ര മീറ്റർ വരെ), ₹60/- (100 ചതുരശ്ര മീറ്ററിന് മുകളിൽ) എന്നിങ്ങനെ നികുതി നിർണ്ണയിച്ച് ഈടാക്കി , രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

**1-12 മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല -**

മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നം./ ഉടമയുടെ പേര് | കാലയളവ് | വസ്തുനികുതി (ലൈബ്രറി സെസ് ഉൾപ്പെടെ) (₹) |
|---|---|---|
| 20/503 എ/ എടിസി ടെലികോം, ഇൻഫ്രാസ്ട്രക്ചർ പ്രൈ.ലി. | 2023<br>ഒന്നാം അർദ്ധവർഷം<br>രണ്ടാം അർദ്ധവർഷം | 5970<br>5968 |
| | 2024<br>ഒന്നാം അർദ്ധവർഷം<br>രണ്ടാം അർദ്ധവർഷം | 6268<br>6267 |
| | ആകെ | 24473 |

മേൽ സൂചിപ്പിച്ച അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.18/19.07.25) മറുപടിയായി, നികുതി കുടിശ്ശിക അടവാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു.
മേൽ സൂചിപ്പിച്ചിരിക്കുന്ന മൊബൈൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക ₹24473.00 പിഴപലിശ സഹിതം ഈടാക്കി, പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തി രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

**1-13 വസ്തു നികുതി കുടിശ്ശിക ₹26,21,561.00 നിലനിൽക്കുന്നു-**

2024-25 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിലെ ബി – 15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതിയിനത്തിൽ ₹26,21,561.00 ആകെ കുടിശ്ശികയുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് | തുക(₹) |
|---|---|---|
| 1 | റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി (തൻ വർഷം) | **840,902.00** |
| 2 | റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി (കുടിശ്ശിക) | **562,942.00** |
| 3 | നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി (തൻ വർഷം) | **703,039.00** |
| 4 | നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി (കുടിശ്ശിക) | **514,678.00** |

| | ആകെ | 2621561.00 |
|---|---|---|

ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും, കുറച്ച് പേർ തുക അടവാക്കിയിട്ടുണ്ടെന്നും, ബാക്കിയുള്ളവരുടെത് നികുതി പിരിവ് കളക്ഷൻ ക്യാമ്പ് മുഖേന പിരിച്ചെടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (19/19.07.25) മറുപടിയായി, കെട്ടിട നികുതി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് കെട്ടിട നികുതി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനു വേണ്ട തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-14 ലൈസൻസ്, പാരാ മെഡിക്കൽ രജിസ്ട്രേഷൻ എന്നിവയില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു-**

പഞ്ചായത്തിന്റെ പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതു പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം. |
|---|---|---|
| 1 | മാതാ ഹോമിയോ & അലർജി ക്ലിനിക്ക് | 1/433E |
| 2 | മെഡിക്യൂർ ക്ലിനിക്ക് | 5/192E |
| 3 | നീതി ലാബ് & തൈറോയിഡ് റിസേർച്ച് സെന്റർ | 6/407A |
| 4 | ഡോക്ടേ്സ് ആയുർവേദ | 6/411 |
| 5 | മാസ് ആയുർവേദ ക്ലിനിക്ക് | 11/691E |
| 6 | എ്വലീശ്വാ ഭവൻ, ഹോമിയോ ഡിസ്പെൻസറി | 12/118A |
| 7 | ഐ സ്മൈൽ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് | 16/618 |
| 8 | സഫ ക്ലിനിക്ക് | 22/432L |
| 9 | ബഥേൽ ഡെന്റൽ ക്ലിനിക്ക് | 2846/24 |

മേൽ സൂചിപ്പിച്ചിരിക്കുന്ന പട്ടികയിലെ ക്രമ നം.1 മുതൽ 9 വരെയുള്ള സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല. ക്രമ നം.1 മുതൽ 8 വരെയുള്ള സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല. ഈ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് (നം.29/25.07.25) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് ലഭ്യമാക്കി തുക ഒടുക്ക് വരുത്തിയതിന്റെ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങളൊന്നും പ്രവൃത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-15 വനിതകൾക്ക് സ്വയം തൊഴിലിന് ഇരുചക്ര വാഹന വിതരണം - അപാകത ചെലവ് തുക ₹964412/-തടസ്സപ്പെടുത്തുന്നു**

| പ്രോജക്ടിന്റെ പേര്/നമ്പർ | 1. സ്വയം തൊഴിലിന് ഇരുചക്ര വാഹനം വനിത – ജനറൽ , 160/25 | 2. സ്വയം തൊഴിലിന് ഇരുചക്ര വാഹനം വനിത എസ് സി , 153/25 |
|---|---|---|
| അടങ്കൽ | ₹600000/- വികസന ഫണ്ട്, പൊതുവിഭാഗം | ₹400000/- വികസന ഫണ്ട്, എസ്.സി.പി |
| ചെലവ് | ₹579720/- വികസന | ₹384692/- വികസന ഫണ്ട്, |

| | | |
|---|---|---|
| | ഫണ്ട്, പൊതുവിഭാഗം | എസ്.സി.പി |
| ബിൽ നം / തിയതി – തുക₹ | ബിൽ നം 652- തീ 25.03.25- ₹339028/-<br>ബിൽ നം 671- തീ 25.03.25- ₹240692/- | ബിൽ നം - 612/ തീ. 23.03.25- ₹241868/-<br>ബിൽ നം – 580 / തീ. 21.03.25 - ₹92829/-<br>ബിൽ നം - 565 / തീ. 18.03.25 - ₹49995/- |

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ ‘ സ്വയം തൊഴിലിന് ഇരുചക്ര വാഹനം വനിത ’ എന്ന പ്രോജക്ട് പ്രകാരം തൊഴിൽ രഹിതരോ, ഇരുചക്ര വാഹനത്തിൽ വിൽപന നടത്തി ഉപജീവനം നടത്തുന്നവരരോ , ആയതിന് സന്നദ്ധരോ ആയ ഇരുചക്രവാഹനത്തിന് ലൈസൻസ് ഉള്ളവരായ വനിതകൾക്ക് സ്വയം തൊഴിലിനായി വാങ്ങുന്ന ഇരുചക്ര വാഹനത്തിന് ടൂ വിലർ ന്റെ എക്സ് ഷോറൂം വില + GST യുടെ പകുതി വിലയിൽ പരിമിതപ്പെടുത്തി (വിലയുടെ 50% പരമാവധി ₹50000/- ) നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്.

സ.ഉ(കൈ)നം115/2022/തസ്വഭവ തീയതി 28.05/2022 സബ്സിഡി മാർഗ്ഗരേഖ പ്രകാരം (6.5.10) ഗുണഭോക്താക്കൾ ഇരുചക്രവാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് നിലവിൽ ഉണ്ടായിരിക്കണമെന്നും, സ്വയം തൊഴിൽ ചെയ്യുന്നവരായിരിക്കണമെന്നും, മറ്റ് ജോലികൾ ഉള്ളവരാകരുതെന്നും നിബന്ധനയുണ്ട്. എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരം പദ്ധതി നടത്തിപ്പിൽ അപാകതകൾ കാണുന്നു

<u>1)സ്വയം തൊഴിലിന് ഇരുചക്ര വാഹനം വനിത -ജനറൽ , 160/25</u>

മേൽ പദ്ധതി പ്രകാരം 12 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

1. ഗുണഭോക്താക്കൾ സ്വയം തൊഴിൽ ചെയ്യുന്നവരാണെന്നതോ, അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആണെന്നുള്ളത് വ്യക്തമാക്കുന്ന രേഖകൾ ഒന്നും തന്നെ ഫയലിൽ ഇല്ല.

2. ടി ഗുണഭോക്താക്കളിൽ ചുവടെ ചേർക്കുന്നവർ വണ്ടി സ്വന്തം പേരിൽ രജിസ്റ്റർ ചെയ്തതിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ല. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ വണ്ടി യഥാർഥ ഗുണഭോക്താക്കളുടെ പേരിൽ തന്നെയാണോ വാങ്ങിയത് എന്നത് ഉറപ്പാക്കാനാവില്ല.

| ക്രമ നം | പേര് | വാങ്ങിയ ഇനം | വില (₹) | അനുവദിച്ച തുക | ബിൽ നം / തീയതി |
|---|---|---|---|---|---|
| 1 | സിന്ധുമോൾ പി.സി, തമ്പുപറമ്പിൽ, തത്തപ്പിള്ളി (പി.ഒ). | ജൂപ്പിറ്റർ 110 ഡ്രം അലോയ് | 86821 | 43410 | 652 / 25.03.25 |
| 2 | രമ്യ പി.കെ, എടയാറ്റ് വീട്, മന്നം പി.ഒ. | IQUBBE-TVS IQUBE UG – New | 137363 | 50000 | 652 / 25.03.25 |
| 3 | സിനി ബോസ്, ചാന്തുവിൻകാട്, തത്തപ്പിള്ളി (പി.ഒ). | MD626AM17S1A16804TVSIQUIBE ഇലക്ട്രിക് മാർട്ട്സോണറ്റ് വൈറ്റ് | 137363 | 50000 | 671 / 25.03.25 |
| 4 | രാധാമണി രാജേന്ദ്രൻ, കാട്ടുകണ്ടത്തിൽ വീട്, കൈതാരം | ആക്ടിവ 125(SCV 125S) | 99990 | 49995 | 652 / 25.03.25 |
| 5 | അനിത.പി.പി , | ആക്ടിവ OBD2B(SCV 110S) | 98571 | 49285 | 671 /. |

| | | | | | |
|---|---|---|---|---|---|
| | ചിരട്ടക്കുളം, കൈതാരം | | | | 25.03.25 |
| 6 | പ്രസീത, വലിയ പറമ്പിൽ, മന്നം (പി.ഒ). | ആക്ടിവ 125(SCV 125S) | 99990 | 49995 | 652 / 25.03.25 |

2)സ്വയം തൊഴിലിന് ഇരുചക്ര വാഹനം വനിത -എസ്.സി , 153/25

മേൽ പദ്ധതി പ്രകാരം 8 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി
1. ഗുണഭോക്താക്കൾ സ്വയം തൊഴിൽ ചെയ്യുന്നവരാണെന്നതോ, അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആണെന്നുള്ളത് വ്യക്തമാക്കുന്ന രേഖകൾ ഒന്നും തന്നെ ഫയലിൽ ഇല്ല.
2. ടി ഗുണഭോക്താക്കളിൽ ചുവടെ ചേർക്കുന്നവർ വണ്ടി സ്വന്തം പേരിൽ രജിസ്റ്റർ ചെയ്തതിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ല. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ വണ്ടി യഥാർഥ ഗുണഭോക്താക്കളുടെ പേരിൽ തന്നെയാണോ വാങ്ങിയത് എന്നത് ഉറപ്പാക്കാനാവില്ല.

| ക്രമ നം | പേര് | വാങ്ങിയ ഇനം | വില (₹) | അനുവദിച്ച തുക | ബിൽ നം / തീയതി |
|---|---|---|---|---|---|
| 1 | രഞ്ജിനി പി.ബി, അരവൻപറമ്പിൽ , കൈതാരം | ആക്ടിവ 125 (SCV 125S) | 105058 | 50000 | 612 / 23.03.25- |
| 2 | ആതിര സുബ്രമണ്യൻ, നടുമുറിപ്പറമ്പ്, കൈതാരം (പി.ഒ) | റേ ZR 125SR (010C) | 99990 | 49995 | 580 / 21.03.25 |
| 3 | ശ്രുതിമോൾ എൻ.എസ്, അരീപ്പാടം, തത്തപ്പിള്ളി | ആക്ടിവ 125 (SCV 125S) | 99990 | 49995 | 565 / 18.03.25 |

മേൽ 2 പ്രോജക്ടുകളുടെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 25/23.07.2025)ന് മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാർ അനുശാസിക്കുന്ന സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതുവരെ ചെലവ് തുക ₹964412/- (579720+384692) തടസ്സപ്പെടുത്തുന്നു.

**1-16 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല-1059273/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലായതിന്റെ പൂർത്തീകരണ സാക്ഷ്യപത്രമോ, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക കൈപ്പറ്റിയ സ്ഥാപനം | പ്രോജക്ടിന്റെ പേര്, നമ്പർ | അടങ്കൽ ₹ | മുൻകൂർ നൽകിയ തുക ₹ | ബിൽ നമ്പർ/ വൗച്ചർ നമ്പർ/ ചെക്ക് നമ്പർ/ തീയതി |
|---|---|---|---|---|
| ഐ കെ എം | ഐ കെ എം- വിഹിതം | 144793/- (വികസന ഫണ്ട് | 144793/- | 112 / 31.08.2024 |

| | | | | |
|---|---|---|---|---|
| | അടയ്ക്കൽ S023/25 | -സാധാരണ വിഹിതം) | | |
| ജില്ലാ പഞ്ചായത്ത് | നിർധനരായ രോഗികൾക്ക് ചികിത്സാ സഹായം- ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ SO361/25 | 47000/- (തനത് ഫണ്ട്) | 47000/- (തനത് ഫണ്ട്) | 22401263 / 18.12.2024 |
| അനർട്ട് | പഞ്ചായത്ത് ഓഫീസിൽ സോളാർ സ്ഥാപിക്കൽ, S0362/25 | 717480/- (ധനകാര്യ കമ്മീഷൻ അവാർഡ് തുക) | 717480/- (ധനകാര്യ കമ്മീഷൻ അവാർഡ് തുക) | 42401576 / 16.03.2025, |
| കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസി | കൈതാരം ജി.വി.എച്ച് സ്കൂളിൽ ദ്രവ മാലിന്യ ശേഖരണ സംവിധാനം ഒരുക്കൽ S394/25 | 1000000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) ₹300000/- (തനതു ഫണ്ട്) | 150000/- (തനതു ഫണ്ട്) | 22401793 / 27.03.25 |
| | | ആകെ | 1059273/- | |

മേൽ പരാമർശിത പദ്ധതികളുടെ പൂർത്തീകരണ / വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ 5/18.07.25 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല എന്നാണ് മറുപടി നൽകിയത്. കൈമാറിയ തുകകളുടെ പൂർത്തീകരണ / വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ ₹1059273/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-17 ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.**

ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ പ്രോജക്ട് ഫയൽ, രജിസ്റ്റർ, മറ്റ് രേഖകൾ എന്നിവ പരിശോധിച്ചതു പ്രകാരം ലൈഫ്ഭവനപദ്ധതി (എസ്.സി) പദ്ധതി മുഖേന ധനസഹായം കൈപ്പറ്റിയ താഴെചേർക്കുന്ന ഗുണഭോക്താക്കൾ വീട് പണി പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക. | കരാർ തീയതി. |
|---|---|---|---|
| 1. | മോളി.ടി.കെ, W/O വിൽസൺ, തേനത്തിൽ പടിഞ്ഞാറ്, കൈതാരം (പി.ഒ) വാർഡ്- 21 | ₹300000.00 | 05.03.2021 |
| 2. | സരസു.കെ.സി,വലിയകുളം പുറമ്പോക്ക്, കിഴക്കേപ്രം വാർഡ്- 3 | ₹40,000.00 | 15.03.21 |
| 3. | ഷിബിന W/O ദാസൻ,നമ്പ്യത്ത്പറമ്പിൽ (H), വാണിയക്കാട്, മന്നം വാർഡ്- 5 | ₹140000.00 | 22.09.21 |
| 4. | മണി ഭാർഗവൻ, കളരിപ്പൊക്കം , | ₹255,000.00 | 23.09.21 |

| | | | |
|---|---|---|---|
| | തത്തപ്പിള്ളി വാർഡ്- 8 | | |
| 5. | ഭാമ.കെ.സി, വലിയ കുളത്തിങ്കൽ,കിഴക്കേപ്രം, നോർത്ത് പറവൂർ | ₹40000.00 | 20.03.22 |

ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (3/18.07.2025) മോളി.ടി.കെ, സരസു കെ.സി, ഭാമ കെ.സി എന്നീ ഗുണഭോക്താക്കൾക്ക് വീട് പണി പൂർത്തിയാക്കാൻ പറ്റാത്ത അവസ്ഥയിലാണ് എന്ന് അറിയിക്കുകയും ആയതിനാൽ കൈപ്പറ്റിയ തുക തിരിച്ചടക്കാൻ രേഖാമൂലം അറിയിപ്പു നൽകിയതായും മറ്റ് രണ്ട് ഗുണഭോക്താക്കളുടെ വീട് പണി പൂർത്തിയാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമെന്നും മറുപടി നൽകി. ഇതുമായി ബന്ധപ്പെട്ട തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**<u>1-18 മരുന്ന് പൂർണമായി ലഭ്യമായില്ല-₹3,39,166 രൂപ തടസ്സപ്പെടുത്തുന്നു</u>**

| | |
|---|---|
| പ്രോജക്ട് നം. | 150/25 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്നും ബോട്ടിലും |
| അടങ്കൽ, ഫണ്ട് | ₹5,00,000/- (മെയിന്റനൻസ് ഫണ്ട് നോൺറോഡ്) |
| ചെലവ് | ₹5,00,000/- (ബിൽ നം, തീയതി- 365/30.01.25) |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ ഹോമിയോ |

ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസിയിൽ നിന്നും (ഹോംകോ) പ്രോഫോർമ ഇൻവോയിസ് നം–PF/1090, തീയതി-15.01.25 പ്രകാരം ₹5,00,000/- മുൻകൂറായി നൽകിയതിൽ ₹1,60,834/- യ്ക്കുള്ള മരുന്ന് മാത്രമാണ് ലഭ്യമായത്. അവശേഷിക്കുന്ന ₹3,39,166/- യ്ക്കുള്ള മരുന്ന് ഹോംകോയിൽ നിന്ന് ലഭ്യമായതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-7/17.07.25) മറുപടിയായി മരുന്ന് ഉടൻ ലഭ്യമാക്കുന്നതാണെന്ന് ഹോംകോയിൽ നിന്നറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കി. മരുന്ന് ലഭ്യമായതിന്റെ ഇൻവോയ്സ്, സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ എന്നിവ പരിശോധനക്ക് ഹാജരാക്കുന്നത് വരെ ₹3,39,166/- തടസ്സത്തിൽ വയ്ക്കുന്നു.

**<u>1-19 കരാർ നിയമനം-ഡോക്ടറുടെ വേതനത്തിൽ നിന്നും ആദായനികുതി ഈടാക്കിയില്ല</u>**

| | |
|---|---|
| പ്രോജക്ട് നം | 80/25,<br>ഡോക്ടർ – ഫാർമ്മസിസ്റ്റ് – താത്ക്കാലിക നിയമനം – വേതനം ഹോണറേറിയം നൽകൽ |
| ഫണ്ടിനം | തനത് ഫണ്ട് |
| അടങ്കൽ<br>ചെലവ് | 10,00,000/-<br>9,86,940/- |
| ബിൽ നം., തീയതി, തുക | 1) 37/25.06.2024, 1,64,090/-<br>2) 47/10.07.2024, 82,045/-<br>3) 134/18.09.2024, 1,64,090/-<br>4) 169/18.10.2024, 82,045/-<br>5) 196/05.11.2024, 82,045/-<br>6) 234/02.12.2024, 82,045/-<br>7)244/11.12.2024, 2400/- |

| | |
|---|---|
| | 8)318/08.01.2025, 82,045/-<br>9)400/11.02.2025, 82,045/-<br>10)481/10.03.2025, 82,045/-<br>11) 600/21.03.2025, 82,045/- |
| നിർവ്വഹണോദ്യോഗസ്ഥൻ | - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

കൂനമ്മാവ് പി.എച്ച്.സി യിലേയ്ക്ക് ഡോക്ടറിനേയും ഫാർമസിസ്റ്റിനേയും കരാറടിസ്ഥാനത്തിൽ നിയമിച്ച് വേതനം നൽകുന്നതിലേയ്ക്കാണ് 80/25 നമ്പരായി പ്രോജക്ട് ആവിഷ്ക്കരിച്ചിരുന്നു. ആയത് പ്രകാരം അലൻ വർഗീസ് മേനച്ചേരി എന്ന വ്യക്തിയെ ഡോക്ടറായി നിയമിച്ച് ₹1,960/- ദിവസവേതനത്തിൽ (പ്രതിമാസം പരമാവധി ₹57525/-) 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെയുള്ള കാലയളവിലേയ്ക്ക് തനത് ഫണ്ടിൽ നിന്നും ആകെ ₹6,90,300/- (57525 X 12 Months) വേതനമിനത്തിൽ നൽകിയിട്ടുണ്ട്. പ്രൊഫഷണൽ സേവനത്തിന് ബാധകമായ 10% നികുതി തുക (₹69,030/-) ടിയാളുടെ ആകെ വേതനത്തിൽ നിന്നും സ്രോതസിൽ ഈടാക്കേണ്ടിയിരുന്നു. എന്നാൽ പകുതി മാസങ്ങളിലെ ശമ്പളത്തിൽ നിന്ന് മാത്രമാണ് നികുതി ഈടാക്കിയത്. കുറവ് ചെയ്ത നികുതി ആദായനികുതി വകപ്പിലേക്ക് അടവാക്കിയതായും രേഖയില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം– 27/23.07.25 ന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല.

ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള 7 മാസങ്ങളിലെ വേതനം അനുവദിച്ചിപ്പോൾ അദായനികുതി കുറവ് ചെയ്തിരുന്നില്ല. എന്നാൽ നവംബർ മുതൽ മാർച്ച് വരെയുള്ള 5 മാസങ്ങളിലെ വേതനം നൽകിയപ്പോൾ നികുതിയിനത്തിൽ പ്രതിമാസം ₹8500/- വീതം ആകെ ₹51,000/- കുറവ് ചെയ്ത് എച്ച്.എം.സി അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം. 856710100006413) കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക അദായനികുതി വകുപ്പിലേയ്ക്ക് അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

സി.എച്ച്.എം.സി അക്കൗണ്ടിലേയ്ക്ക് കൈമാറിയ ₹51,000/- കിഴിച്ച് നികുതിയിനത്തിൽ ഈടാക്കുവാൻ അവശേഷിച്ച ₹18,030/- (69030 – 51000) അടവാക്കിയതിന്റെ രേഖയും ഹാജരാക്കിയില്ല.

നിയമപ്രകാരം കുറവ് ചെയ്യേണ്ടിയിരുന്ന നികുതി തുക കരാർ ജീവനക്കാരനിൽ നിന്നും ഈടാക്കി അദായനികുതി വകുപ്പിലടവാക്കി വിവരമറിയിക്കേണ്ടതാണ്.

**<u>1-20 സാന്ത്വന പരിചരണം പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ</u>**

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 36/25, സാന്ത്വന പരിചരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| അടങ്കൽ | 12,00,000/-<br>9,50,000/- വികസന ഫണ്ട്<br>2,50,000/- ബ്ലോക്ക് വിഹിതം |
| ചെലവ് | 9,49,998/- വികസന ഫണ്ട്<br>**<u>ബിൽ നം., തീയതി, തുക</u>**<br>1)36/25.06.24- 1,09,260/-<br>2)46/10.07.24, 54,550/-<br>3)65/31.07.24- 54,490/-<br>4)286/20.12.24- 2,24,422/-<br>5)327/15.01.25- 54,920/-<br>6)401/11.02.25- 53.240/-<br>7)421/17.02.25- 98,870/-<br>8)522/14.03.25- 58.650/-<br>9)551/17.03.25- 1,52,592/- |

| | |
|---|---|
| | 10)521/14.03.25- 24,500/-<br>11)599/21.03.25 -64,504/- |

മേൽ പ്രോജക്ടുമായി 28/23.07.2025 ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു. വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം. 28/23.07.2025) മറുപടി നൽകിയില്ല.

1) ₹18,800/-യുടെ ചെലവ് രേഖകൾ പൂർണമല്ല

ക്രമ നമ്പർ 4 പ്രകാരം ചെലവഴിച്ച 2.24.422/-രൂപയിൽ ₹18,800/- പാലിയേറ്റീവ് നഴ്സായ ജൂലി ഗിൽസണിന്റെ അക്കൗണ്ടിലേയ്ക്കാണ് (നം. BKID-856710110004855) കൈമാറിയത്. മേൽ തുകയിൽ ₹13,712/-യുടെ രേഖകൾ മാത്രമാണ് ഫയലിൽ ലഭ്യമായത്. വിമല പ്രിന്റേഴ്സിന് അനുവദിച്ച ₹9,570/- (യഥാക്രമം 03.08.24, 30.9.24, 30.10.24, 25.11.24, 12,11,24, 30.11.24 എന്നീ തീയതികളിലായുള്ള ബില്ലുകൾ പ്രകാരം), ജെ.എം ബേക്കറിക്ക് അനുവദിച്ച ₹600/-, ബി.പി അപ്പാരററ്റസ് വാങ്ങിയതിന്റെ തുക -₹3542/- എന്നീ ഇനങ്ങളാണ് ₹13,712/-യിൽ ഉൾപ്പെട്ടവ. ബാക്കി തുകയുടെ (18800-13712= ₹5088/-) ചെലവ് രേഖ ഹാജരാക്കിയില്ല. മാത്രമല്ല ബി.പി അപ്പാരററ്റസ് വാങ്ങിയതിന്റെ ഇൻവോയിസ് ഫയലിൽ ഇല്ല. കൂടാതെ വിമല പ്രിന്റേഴ്സിന് 30.11.24 തീയതിയിലായി അനുവദിച്ച ₹8350/- (ബിൽ നം. 105) ക്രമ നമ്പർ 7 പ്രകാരം അനുവദിച്ച ₹98,870/- യിൽ ഉൾപ്പെടുത്തി വീണ്ടും നൽകിയിട്ടുണ്ട്.

2)ഡ്രൈവറുടെ ശമ്പളത്തിൽ നിന്നും ആദായനികുതി ഈടാക്കിയില്ല

മേൽ പ്രൊജക്റ്റ് പ്രകാരം പാലിയേറ്റീവ് വാഹനവാടകയിനത്തിൽ (KL 42-D 5442) ആകെ ₹297600/- തൻവർഷം ചെലവ് വന്നിട്ടുണ്ട്. ശ്രീ. സനൽകുമാർ എം എസ് എന്നയാൾക്കാണ് വാഹനത്തിന്റെ കരാർ നൽകിയിട്ടുള്ളത്. ഇൻകം ടാക്സ് ആക്ട് 1961, വകുപ്പ് 194 C പ്രകാരം ഒരു സാമ്പത്തിക വർഷം നൽകുന്ന മൊത്തം തുക ₹100000/-യിൽ അധികരിക്കുകയോ സിംഗിൾ പേയ്മെന്റ് ₹30000/-യിൽ അധികരിക്കുകയോ ചെയ്താലാണ് ടി.ഡി.എസ് ബാധകമാക്കേണ്ടതും കരാറുകാർക്ക് തുക അനുവദിക്കുമ്പോൾ വ്യക്തികൾക്ക് 1% നിരക്കിൽ ആദായനികുതി കുറവ് വരുത്തേണ്ടതുമാണ്. എന്നാൽ വാഹനവാടക അനുവദിച്ചപ്പോൾ ഇതനുസരിച്ച് നികുതി ഈടാക്കിയിട്ടില്ല.

പാലിയേറ്റീവ് ഡ്രൈവറുടെ വേതനത്തിൽ നിന്നും നിയമപ്രകാരമുള്ള ആദായനികുതി (₹2976/-) ഈടാക്കി ബന്ധപ്പെട്ട വകുപ്പിലടവാക്കി വിവരമറിയിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച ₹18,800/- ചെലവിൽ ₹5088/- യുടെ ചെലവ് രേഖകൾ ഹാജരാക്കാത്തതിനാലും ₹8350/- ഇരട്ടിപ്പായി അനുവദിച്ചതിനാലും ₹3542/- യുടെ ടാക്സ് ഇൻവോയിസ് ലഭ്യമാകാത്തതിനാലും ₹16980/- (5088 + 8350 + 3542) തടസ്സപ്പെടുത്തുന്നു.

**1-21 ഭിന്നശേഷിക്കാർക്ക് ഉപകരണം-പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ-697621/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| പ്രോജക്ട് നം, പേര് | 1) 137/25, ഭിന്നശേഷി ഉപകരണങ്ങൾ വാങ്ങൽ | 2) 204/25(SO), ഭിന്നശേഷി ഉപകരണങ്ങൾ വാങ്ങൽ |
|---|---|---|
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
| അടങ്കൽ | ₹867334/- (വികസന ഫണ്ട്) | ₹385141/- (വികസന ഫണ്ട്) |
| ചെലവ് | ₹5,15,042/- | ₹3,81,150/- |
| ബിൽ.നം, തീയതി, തുക | 1)635/24.03.25, ₹3,43,202/-<br>2)591/20.03.25, ₹168,000/-<br>3)662/25.03.25, ₹3840/- | 283/20.12.24<br>₹3,81,150/- |

ഭിന്നശേഷിക്കാർക്ക് ആവശ്യമായ വിവിധ ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിലേയ്ക്ക് ആവിഷ്ക്കരിച്ചതാണ് മേൽ പ്രോജക്ടുകൾ. പ്രോജക്ട് I മുഖേന 22 ഗുണഭോക്താക്കൾക്കും (10 പേർക്ക് 2 എണ്ണം വീതവും ഒരാൾക്ക് ഒരെണ്ണം വീതവും എന്ന

തോതിൽ ആകെ 11 പേർക്ക് ശ്രവണസഹായികളും 11 പേർക്ക് മറ്റ് ഉപകരണങ്ങളുമാണ് വിതരണം ചെയ്തത്) പ്രോജക്ട് II മുഖേന 3 ഗുണഭോക്താക്കൾക്കും ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും കെൽട്രോണിൽ നിന്നുമാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു. ആയതിന് വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി നം-31/25.07.25 ) മറുപടി ലഭ്യമാക്കിയില്ല.

**<u>പ്രോജക്ട്-1</u>**

20 ഇനം ഉപകരണങ്ങൾ വികലാംഗ കോർപ്പറേഷനിൽ നിന്നും (ഇൻവോയിസ് നം-508/21.03.25, ബിൽ തുക-₹3,43,202/-രൂപ) 21 ശ്രവണസഹായികൾ ഒന്നിന് ₹8000/- നിരക്കിൽ കെൽട്രോണിൽ നിന്നുമാണ് (ഇൻവോയിസ് ലഭ്യമായില്ല, ബിൽ തുക-₹1,68,000/-) വാങ്ങിയത്.

വികലാംഗ കോർപ്പറേഷനിൽ നിന്നും വാങ്ങിയ സ്റ്റാന്റിംഗ് ഫ്രെയിം (3എണ്ണം @11376.6= ₹34,129.8/-) പാരലൽ ബോൾ (1 എണ്ണം@8279) സിപി വീൽ ചെയർ (1 എണ്ണം @31762.5) HKAFO With സ്പൈനൽ എക്സ്റ്റൻഷൻ (2എണ്ണം@7833.4=₹15,666.8/-) എന്നീ നാല് ഉപകരണങ്ങളുടെ ആവശ്യകത എപ്രകാരമാണ് നിർണയിച്ചതെന്ന് വ്യക്തമല്ല. 27.02.25 തീയതിയിൽ നടത്തപ്പെട്ട ക്യാമ്പിൽ ഗുണഭോക്താക്കളിൽ ആർക്കും തന്നെ ഡോക്ടർമാർ ഇവ ശുപാർശ ചെയ്തതായി കാണുന്നില്ല. ശുപാർശ ചെയ്യാത്ത ഉപകരണങ്ങൾ വാങ്ങിയതിന് വിശദീകരണം നൽകേണ്ടതും ഇവ ആര് കൈപ്പറ്റി എന്ന വിവരവും ടി വ്യക്തികൾക്ക് ആയവ ആവശ്യമുണ്ട് എന്നത് തെളിയിക്കുന്ന ബന്ധപ്പെട്ട ഡോക്ടറുടെ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

മെഡിക്കൽ ക്യാമ്പിൽ നിർണയിച്ച ആവശ്യകത ലിസ്റ്റ് പ്രകാരം ഡിജേഷ് കെ ബി, മുഹമ്മദ് അജ്സൽ എന്നീ രണ്ട് ഗുണഭോക്താക്കൾക്ക് റീക്ലെയിനിംഗ് വീൽ ചെയറും (@17573.75) പ്രിയ സുനിൽകുമാർ, മനു ജോൺസൺ, സിജോ കെ ബി എന്നീ മൂന്ന് പേർക്ക് ക്രോംപ്ലേറ്റഡ് വീൽ ചെയറും (@7828.8) വിതരണം ചെയ്തിട്ടുണ്ട്. വികലാംഗ കോർപ്പറേഷന്റെ ഇൻവോയിസ് അനുസരിച്ച് ആകെ 4 റീക്ലെയിനിംഗ് വീൽ ചെയറും 6 ക്രോംപ്ലേറ്റഡ് വീൽ ചെയറും വാങ്ങിയിട്ടുണ്ട്. രണ്ട് റീക്ലെയിനിംഗ് ചെയറും മൂന്ന് ക്രോംപ്ലേറ്റഡ് ചെയറും അധികമായി വാങ്ങിയതിന്റെ കാരണവും ഇവ ആര് കൈപ്പറ്റി എന്ന വിവരവും ടി വ്യക്തികൾക്ക് ആയവ ആവശ്യമുണ്ട് എന്നത് തെളിയിക്കുന്ന ബന്ധപ്പെട്ട ഡോക്ടറുടെ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.

**ബി)** ശ്രവണസഹായികൾ കൈപ്പറ്റിയ 20 ഗുണഭോക്താക്കളുടെ അപേക്ഷകളും കൈപ്പറ്റ് വിവരവും ഡോക്ടറുടെ പ്രിസ്ക്രിപ്ഷൻ ഉൾപ്പെടെ ലഭ്യമാക്കേണ്ടതാണ്

**<u>പ്രോജക്ട്-2</u>**

ഇൻവോയിസ് നം- 111/08.01.24 പ്രകാരം മൂന്ന് ഇലക്ട്രോണിക് വീൽ ചെയറുകൾ (@₹127050/-ആകെ ബിൽ തുക-₹3,81,150/-) ആണ് മേൽ പ്രോജക്ടിൽ പെടുത്തി വികലാംഗ കോർപ്പറേഷനിൽ നിന്നും വാങ്ങിയത്. ഫയലിൽ ചേർത്തിട്ടുള്ള ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ താഴെ ചേർക്കുന്നു.

1)ഷമീന കെ എസ്

2)നദീറ കെ എ

3)അരുൺ പി ആർ

മേൽ ഗുണഭോക്താക്കളുടെ അപേക്ഷകളും ടി വ്യക്തികൾക്ക് ആയവ ആവശ്യമുണ്ട് എന്നത് തെളിയിക്കുന്ന ബന്ധപ്പെട്ട ഡോക്ടറുടെ സാക്ഷ്യപത്രവും ഉപകരണങ്ങളുടെ കൈപ്പറ്റ് രേഖയും ഹാജരാക്കേണ്ടതാണ്.

പരാമർശങ്ങൾക്ക് വിശദീകരണവും ആവശ്യമായ രേഖകളും ഹാജരാക്കാത്തതിനാൽ ഡോക്ടർമാർ ശുപാർശ ചെയ്യാത്ത 4 ഉപകരണങ്ങൾ വാങ്ങുവാൻ ചെലവിട്ട ₹89,838/-യും ആവശ്യകത തെളിയിക്കുവാൻ സാധിക്കാത്തതും അധികമായി വാങ്ങിയതുമായ അഞ്ച് ഉപകരണങ്ങളുടെ വിലയായ ₹58,633/- യും ശ്രവണസഹായികൾ വാങ്ങുവാൻ

ചെലവിട്ട ₹1,68,000/-യും ഉൾപ്പെടെ ആകെ ₹**3,16,471/-** പ്രോജക്ട്-1 മുഖേനയുള്ള വാങ്ങലിൽ തടസ്സത്തിൽ വയ്ക്കുന്നു. സമാനമായ അപാകതകൾ നിലനിൽക്കുന്നതിനാൽ പ്രോജക്ട് -2 മുഖേനയുള്ള ആകെ ചെലവായ ₹**3,81,150/-**യും തടസ്സപ്പെടുത്തുന്നു.

രേഖകൾ ഹാജരാക്കി തടസ്സമൊഴിവാക്കേണ്ടതും ഒരിക്കൽ ലഭ്യമായവർക്ക് വീണ്ടും നൽകുന്നതൊഴിവാക്കുവാനും വിതരണത്തിലെ സുതാര്യത ഉറപ്പ് വരുത്തുവാനുമായി ഉപകരണങ്ങളുടെ വിതരണ വിവരങ്ങൾ ഉൾപ്പെടുത്തി ഡിജിറ്റൽ രജിസ്റ്റർ സൂക്ഷിക്കണമെന്ന സബ്സിഡി മാർഗരേഖ (സ.ഉ.(കൈ)നം.115/2022/തസ്വഭവ, ഖണ്ഡിക-7.13.4) നിർദ്ദേശം പാലിക്കേണ്ടതുമാണ്.

**1-22 പൊതു കുടിവെള്ള ടാപ്പുകളുടെ എണ്ണം വ്യക്തമല്ല -**

പഞ്ചായത്ത് നിലവിൽ ആകെ 297 പൊതു ടാപ്പുകളുടെ വാട്ടർ ചാർജായ ₹3,60,335/- യാണ് വാട്ടർ അതോറിറ്റിക്ക് അടക്കുന്നത്. ഇത് കൂടാതെ 30.09.2024 ലെ ബിൽ പ്രകാരം കുടിശിക ₹1,19,622/- യുണ്ട്, ഇതിന്റെ 2% പലിശയും ഒരോ മാസവും വീണ്ടും കുടിശികയായി വരുന്നുണ്ട്. ആകെയുള്ള പൊതു ടാപ്പുകളിൽ 201 എണ്ണം ഉപയോഗ്യശൂന്യമായി കിടക്കുകയാണ് . ഇത് കട്ട് ചെയ്യുന്നതിന് ₹3,20,000/- പ്രോജക്ട് നം 419/25 (ബില്ല് നം 867/28-3-25) പ്രകാരം വാട്ടർ അതോറിട്ടിക്ക് അടച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ ടാപ്പുകൾ കട്ട് ചെയ്തിട്ടില്ല എന്ന് കാണുന്നു. ഓഡിറ്റ് എൻക്വയറി 14/19-7-25- ന് മറുപടി ഒന്നും ലഭിച്ചില്ല. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-23 വാഹനം - ലോഗ് ബുക്കിൽ ദൂരം രേഖപ്പെടുത്തുന്നതിൽ അപാകത**

ലോഗ് ബുക്ക് പരിശോധിച്ചതിൽ Kl-42 N-1435 ലോഗ് ബുക്കിൽ - എല്ലാ ദിവസവും വാഹനം സ്റ്റാർട്ട് ചെയ്യുന്ന കിലോമീറ്റർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാഹനം ഓടിയ സ്ഥലമോ കിലോമീറ്ററോ രേഖപ്പെടുത്തിന്നില്ല. മാത്രമല്ല ചില ദിവസങ്ങളിൽ തിയതി പോലും രേഖപ്പെടുത്തുന്നില്ല. വഹനം ഓടുന്ന സ്ഥലവും കിലോമീറ്ററും ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 24/23-7-25- ന് മറുപടി ഒന്നും ലഭിച്ചില്ല.

**1-24 അഡ്വക്കേറ്റ് ഫീസ് അഡ്വാൻസ് നൽകുന്നത്- അപാകത**

കേസ് നം. Os 49/2020, Os 716/2013 എന്നീ കേസുകൾക്ക് അഡ്വക്കേറ്റ് എം. ബി സ്റ്റാലിന് വൗച്ചർ നം 424401286 / 18-1-25, 424401288 / 18-1-25, എന്നിവ ആകെ പ്രകാരം ₹17,000/- രൂപ അഡ്വാൻസ് നൽകി. എന്നാൽ ഇത് അഡ്വാൻസായി രേഖപ്പെടുത്താതെ ചെലവായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. മാത്രമല്ല ഈ തുക കേസ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ഇപ്രകാരം നൽകിയ തുക പിന്നീട് കണ്ടെത്താൻ കഴിയാതെ വരികയും പഞ്ചായത്തിന് ഈ തുക നഷ്ടമായിത്തീരാൻ സാദ്ധ്യതയുണ്ടാവാനുമിടയുണ്ട്. അഡ്വാൻസ് ഇനത്തിൽ നൽകുന്ന തുകകൾ കൃത്യമായി രജിസ്റ്ററുകളിൽ രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**1-25 ഫിക്സഡ് ഡെപ്പോസിറ്റ് - അപാകതകൾ**

ഫിക്സഡ് ഡെപ്പോസിറ്റ് ലെഡ്ജർ B-12 പ്രകാരം 31- 3-25- ലെ നീക്കിയിരുപ്പ് ₹1,30,72,610/- യാണ്. എന്നാൽ കയ്യിലുള്ള റസീപ്റ്റ് പ്രകാരം ആകെ ഫിക്സഡ് ഡെപ്പോസിറ്റ് - ₹1,00,00,000/- യാണ്.

ഫിക്സഡ് ഡെപ്പോസിറ്റ് ക്ലോസ് ചെയ്യാതെയും പുതുക്കാതേയും ഇതിന്റെ പലിശ കണക്കാക്കി ഡെപ്പോസിറ്റായി കാണിക്കുകയാണ് ചെയ്തിരുന്നത്. പിന്നീട് പലിശ ലഭിച്ചത് ഒരു പുതിയ അക്കൗണ്ട് ഓപ്പൺ ചെയ്ത് അതിൽ നിക്ഷേപിച്ചതായി കാണുന്നു. ഫിക്സഡ് ഡെപ്പോസിറ്റ് ലെഡ്ജർ പ്രകാരമുള്ള തുകയും കയ്യിലുള്ള റസീപ്റ്റ് പ്രകാരമുള്ള തുകയും കൃത്യമാക്കേണ്ടതും ഡെപ്പോസിറ്റിന്റെ പലിശ മുഴുവൻ ലഭിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറി 14/19-7-25- ന് മറുപടി ഒന്നും ലഭിച്ചില്ല.

**1-26 റോഡുകളിൽ മുഴുവൻ ഏരിയായും GSB- പ്രവൃത്തി ചെയ്യുന്നത് ആവശ്യകത വ്യക്തമല്ല.**

പഞ്ചായത്തിൽ എല്ലാ റോഡുകളിലും കോൺക്രീറ്റിംഗ് കട്ട വിരിക്കുന്ന പ്രവൃത്തിയിലും കോൺക്രീറ്റിംഗ് പ്രവൃത്തിയിലും മുഴുവൻ ഏരിയായും 10 Cm മുതൽ 15 Cm വരെ കനത്തിൽ ഷെഡ്യൂൾ 6.1.A.1 പ്രകാരം 'Granular Sub – Base With Well Graded Material Etc പ്രവൃത്തി ചെയ്തിട്ടുണ്ട്. ഇതിന് ഒരു എം3 ന് എസ്റ്റിമേറ്റ് നിരക്ക്– ₹2970.31/- പ്രകാരമാണ്. ചില പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ വലിയ നിരക്കിനാണ് എഗ്രിമെന്റ് പ്രകാരം ഈ പ്രവൃത്തി ചെയ്യുന്നത്. ഒരു പ്രവൃത്തിയുടെ ആകെ ചെലവിന്റെ 20 % മുതൽ 40 % തുകയും Granular Sub – Base ചെയ്യുന്നതിനാണ് ചെലവ് വരുന്നത്. വലിയ ഒരു തുകയാണ് പഞ്ചായത്ത് ഈയിനത്തിൽ ചെലവഴിക്കുന്നത്. റോഡ് ഉയർത്തുന്നതിന് വേണ്ടിയാണ് Granular Sub – Base With Well Graded Material – ചെയ്യുന്നത് എങ്കിൽ കാറി മക്ക് ഉപയോഗിച്ച് ഫില്ലിംഗ് ചെയ്യുന്നതിന് ഒരു എം3 ന് – ₹1639.87/- മാത്രമാണ് നിരക്ക്. NREGs ചെയ്യുന്ന പ്രവൃത്തികൾക്ക് റോഡ് കാറി മക്ക് ഉപയോഗിച്ച് ഫില്ലിംഗ് ചെയ്യുന്നതിന് ഒരു എം3 ന് – ₹950.657/- മാത്രമാണ് നിരക്ക്. ഇപ്രകാരം NREGs ചെയ്ത പ്രവൃത്തികളും പഞ്ചായത്തിൽ ചെയ്തിട്ടുണ്ട്. ഈ പഞ്ചായത്തിൽ ഭൂരിപക്ഷം പ്രവൃത്തികൾക്കും കാറി മക്ക് ഉപയോഗിച്ച് ഫില്ലിംഗ് ചെയ്തിട്ടുള്ളത്. ആയതിനാൽ മുഴുവൻ Granular Sub – Base With Well Graded Material ചെയ്യേണ്ടതിന്റെ ആവശ്യകത പരിശോധിക്കേണ്ടതാണ്.

6.1.A.1 പ്രകാരം 'Granular Sub – Base With Well Graded Material Etc, പ്രവൃത്തി ചെയ്ത ചില പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് നം. | S0 217/25 |
| പ്രവൃത്തി | കോപ്പറമ്പിൽ റോഡ് മെയിന്റൻസ് |
| കരാറുക്കാരൻ - | മനോജ് കെ എം |
| എസ്റ്റിമേറ്റ് - | ₹39,50,000/- |
| ചെലവ് തുക | ₹18,91,417/- |
| 6.1.A.1 പ്രകാരം 'Granular Sub – Base – ചെയ്തതിന് നൽകിയ തുക | 78.608 M3 X 3267.3 = ₹2,56,835/- |

2.

| | |
|---|---|
| പ്രോജക്ട് നം. | S0 264/25 |
| പ്രവൃത്തി | പള്ളിപറമ്പ് പുതിയ റോഡ് ടൈൽ വിരി |
| കരാറുക്കാരൻ - | മനോജ് കെ എം |
| ചെലവ് തുക | ₹5,53,020/- |
| 6.1.A.1 പ്രകാരം 'Granular Sub – Base – ചെയ്തതിന് നൽകിയ തുക | 41.989 M3 X 3200/M3 = ₹1,34,364/- |

ഓഡിറ്റ് എൻക്വയറി 15/21-7-25- നുള്ളേ മറുപടിയിൽ മേൽ പ്രവൃത്തികളിൽ ഷെഡ്യൂൾ 6.1.A.1 'Granular Sub – Base With Well Graded Material Etc " പ്രകാരമുള്ള പ്രവൃത്തിയാണ് ചെയ്തത് എന്ന് പറയുന്നു. മാത്രമല്ല ഈ പ്രവൃത്തികളിൽ 7.50 സെ.മി. കനത്തിലാണ് GSB ചെയ്തത് എന്നും വ്യക്തമാക്കിയുട്ടുണ്ട്.

മറപടി അംഗീകരിക്കുന്നു. ഇപ്രകാരം GSB ചെയ്യുന്ന എല്ലാ പ്രവൃത്തികളിലും ഈ ഇനം

ചെയ്യേണ്ടതിന്റെ ആവശ്യകതയും ഈ പ്രവൃത്തി ചെയ്തതും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ഈ പഞ്ചായത്തിലെ ഭൂരിപക്ഷം പ്രവൃത്തികളിലും ക്വാറി മക്ക് ഉപയോഗിച്ചുള്ള ഫില്ലിംഗ് ആണ് ചെയ്തിട്ടുള്ളത് എന്നും കാണുന്നു.

## 1-27 വിവിധ അംഗൻവാടികളുടെ മെയിന്റനൻസ്- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S0 244/25 |
| പ്രവൃത്തി | വിവിധ അംഗൻവാടികളുടെ മെയിന്റനൻസ് |
| കരാറുക്കാരൻ - | മനോജ് കെ എം |
| എസ്റ്റിമേറ്റ് - | 39,50,000/- |
| ചെലവ് തുക | 11,86,314/- ( Bill No. 625, 19-2-25) – Ist Part Bill |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം വിവിധ അംഗൻവാടികളുടെ മെയിന്റനൻസ്. ചെയ്യുകയാണ് പ്രവൃത്തി ചുറ്റും 60 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി കെട്ടി അതിന് മുകളിൽ സോളിഡ് ബ്രിക്സ് ഉപയോഗിച്ച് 15 Cm ഉയരത്തിൽ കോമ്പൗണ്ട് വാൾ നിർമ്മിക്കുയാണ് പ്രവൃത്തി.

ഈ പ്രവൃത്തിയിൽ എം ബുക്ക് പ്രകാരം കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിന് ഐറ്റം നം. 50.6.2.2 - സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് കോമ്പൌണ്ട് വാൾ (20 Cm – കനം, Super Structure Up To Floor 2 Level) നിർമ്മിച്ചതിന് 15.325m3 X 7543.60 M3 X = ₹1,15,607.00 നൽകിയിട്ടുണ്ട്. (ഇതിന്റെ എസ്റ്റിമേറ്റ് നിരക്ക് - 6984.82/M3 ആണ്.) ഇതിന് നൽകാവുന്ന ഡാറ്റ 50.6.1.4 പ്രകാരം 5950.33 /M3 മാത്രമാണ്. ഇവിടെ കോമ്പൌണ്ട് വാളിന്റെ ഉയരം 1.5 മീറ്റർ മാത്രമാണ്. മറ്റുള്ള പഞ്ചായത്തുകളിൽ ഈ നിരക്കാണ് നൽകി വരുന്നത്.
അംഗൻവാടികൾക്ക് ആവശ്യമായ 271.175 M2 റൂഫിംഗ് ചെയ്യുന്നതിന് ആവശ്യമായ സ്ട്രക്ച്ചർ വർക്ക് ചെയ്യുന്നതിന് - ഇനം 10.16.1 – പ്രകാരം 2591.75 KG X 168.82/KG = ₹4,37,539.24 വകയിരുത്തിയിരുന്നു.

എം ബുക്ക് പ്രകാരം 151.386 M2 റൂഫിംഗ് ചെയ്യുകയും ഇതിന് ആവശ്യമായ സ്ട്രക്ച്ചർ വർക്ക് ചെയ്തതിന് - 749.295kg X 182 Kg = ₹1,36,371/- നല്കി രൂപ ചെലവഴിച്ചിട്ടുണ്ട്. (ഈ ഇനത്തിലെ ഡാറ്റയിൽ മെറ്റീരിയലിന്റെ വില Rs. 57/ Kg മാത്രമാണ് . ബാക്കിയെല്ലാം ലേബർ ചാർജ് ആണ്. )

ചെയ്ത പ്രവൃത്തി "Structural Steel Work In Single Section" – ആയതിനാൽ ഇതിന് നൽകാവുന്ന ഇനം 10.1 പ്രകാരമുള്ള Rs. 101.27/M3 മാത്രമാണ്.

ഓഡിറ്റ് എൻക്വയറി 16/21-7-25- നുള്ളേ മറുപടിയിൽ മുൻകാലങ്ങളിൽ ഈ പ്രവൃത്തികൾക്ക് ഇനം 10.16.1 – പ്രകാരമുള്ള നിരക്കാണ് നൽകിയിരുന്നത് എന്നും ഇനം 10.16.1 – പ്രകാരമുള്ള നിരക്ക് നൽകിയത് തെറ്റ് പറ്റിയതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇനി വരുന്ന പ്രവൃത്തികൾക്ക് 10.1 പ്രകാരമുള്ള "Structural Steel Work In Single Section" മാത്രമേ നൽകുകയുള്ളു എന്നും പറയുന്നു. കൂടാതെ CPWD സ്പെസിഫിക്കേഷൻ പ്രകാരം പ്ലിന്ത് ലെവലിന്റെ ഉയരം 1.20 മീറ്റർ ആണ് എന്നും അതിനേക്കാൾ ഉയരമുള്ള മതിൽ ആയതിനാലാണ് ഇനം 50.6.2.2 പ്രകാരമുള്ള നിരക്ക് നൽകിയത് എന്നും ഇനി വരുന്ന പ്രോജക്ടുകൾക്ക് ഡാറ്റ 50.6.1.4 പ്രകാരമുള്ള നിരക്ക് മാത്രമേ നൽകുകയുള്ളു എന്ന് പറയുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-28 പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് മെയിന്റനൻസ് - അപാകതകൾ

| | |
|---|---|
| പ്രവൃത്തി | പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് മെയിന്റനൻസ് |

| | |
|---|---|
| എസ്റ്റിമേറ്റ് | ₹7,76,000/- |
| പ്രോജക്ട് നം | 228/25 |
| കരാറുക്കാരൻ | മനോജ് കെ എം |
| ചെലവായ തുക | ₹5,02,236/- (Ist & Part Bill) |
| ബില്ല് നം | 64-, 28-2-25 |
| ഫണ്ട് | ഡെവലപ്പ്മെന്റ് ഫണ്ട് ജനറൽ |

മേൽ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് പ്രകാരം ഇതിൽ കെട്ടിടത്തിന്റെ 100.74 M2 റൂഫിംഗ് ചെയ്യുന്നതിന് ആവശ്യമായ സ്ട്രക്ച്ചർ വർക്ക് ചെയ്യുന്നതിന് - ഇനം 10.16.1 – പ്രകാരം 768.6 KG X 168.82/KG = ₹1,29,755/- വകയിരുത്തിയിരുന്നു.

എം ബുക്ക് പ്രകാരം 98.865 M2 റൂഫിംഗ് ചെയ്യുകയും ഇതിന് ആവശ്യമായ സ്ട്രക്ച്ചർ വർക്ക് ചെയ്തതിന് - 450.554kg X 182.32 Kg = ₹82,145.01/- നല്കി രൂപ ചെലവഴിച്ചിട്ടുണ്ട്. (ഈ ഇനത്തിലെ ഡാറ്റയിൽ മെറ്റീരിയലിന്റെ വില Rs. 57/ Kg മാത്രമാണ് . ബാക്കിയെല്ലാം ലേബർ ചാർജ് ആണ്.)

ചെയ്ത പ്രവൃത്തി "Structural Steel Work In Single Section" – ആയതിനാൽ ഇതിന് നൽകാവുന്ന ഇനം 10.1 പ്രകാരമുള്ള Rs. 101.27/M3 മാത്രമാണ്.

ഓഡിറ്റ് എൻക്വയറി 22/21-7-25- നുള്ള മറുപടിയിൽ മുൻകാലങ്ങളിൽ ഈ പ്രവൃത്തികൾക്ക് ഇനം 10.16.1 – പ്രകാരമുള്ള നിരക്കാണ് നൽകിയിരുന്നത് എന്നും ഇനം 10.16.1 – പ്രകാരമുള്ള നിരക്ക് നൽകിയത് തെറ്റ് പറ്റിയതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇനി വരുന്ന പ്രവൃത്തികൾക്ക് 10.1 പ്രകാരമുള്ള "Structural Steel Work In Single Section" മാത്രമേ നൽകുകയുള്ളു എന്നും പറയുന്നു. പ്രവൃത്തി നടപ്പിലാക്കുമ്പോൾ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**1-29 ഓഡിറ്റ് ഇംപാക്റ്റ് - ₹8350.00 അടവാക്കി.**

ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷം, രണ്ടാം അർദ്ധവർഷത്തിൽ കുറവായി ഈടാക്കിയിരുന്ന തൊഴിൽ നികുതി, എൻക്വയറി (നം.10/19.07.25) നൽകിയതിനോടനുബന്ധിച്ച് അടവാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | തുക /രസീത് നം, |
|---|---|---|
| 1. | ഐവറി ഡെന്റൽ & മാക്സില്ലോ ഫേഷ്യൽ സെന്റർ, | 116025003415/19.07.25 |
| 2. | ട്രാൻസ്ഫോർമേഴ്സ് & ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്, രസീത് | 239025003416/19.07.25 |
| 3. | കെ.എസ്. ട്രേഡേഴ്സ്, | 150025003446/21.07.25 |
| 4. | പീസ് ഇന്റർനാഷ്ണൽ സ്കൂൾ | 330025003445/21.07.25 |
| | ആകെ തുക | 8350 |

**1-30 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും**

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യകമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/

FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ രണ്ടു സ്കീമുകളിലായിട്ടാണ് കോട്ടുവള്ളി ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

**1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം.**

| ക്രമ. നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (I) സബ് സെന്ററേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (Ii) പി.എച്ച്.സി. | *0* | *₹2,96,145/- (അലോട്ട്മെന്റ് 2,93,019 + പലിശ 3126)* | *₹1270652/- (അലോട്ട്മെന്റ് 12,56,000 + പലിശ 14652)* | *₹5384466/- (അലോട്ട്മെന്റ് 5,25,000 + പലിശ 13466)* |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്ററേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | *0* | *₹161789/- (അലോട്ട്മെന്റ് 1,60,000 + പലിശ 1789)* | *₹510700/- (അലോട്ട്മെന്റ് 5,06,491 + പലിശ 4209)* | *₹818087/- (അലോട്ട്മെന്റ് 8,05,000 + പലിശ 13087)* |

*കുറിപ്പ്:* 2021-22 ലെ ഗ്രാന്റ് 22-23 ലും 22-23 ലേത് 23-24 ലും 23-24 ലേത് 24-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്. പലിശ തുക വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

**2. നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.**

| ക്രമ. | സ്കീം | 21-22 | 22-23 | 23-24 | 24-25 |
|---|---|---|---|---|---|

| നം. | | (₹) | (₹) | (₹) | (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (I) സബ് സെന്ററേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (Ii) പി.എച്ച്.സി. | *0* | *₹2,18,438* | *₹10,84,946* | *₹2,61,189* |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്ററേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇൻ റ്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | 0 | *₹1,57,145* | *₹32,234* | *₹5,08,707* |

**ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം**

സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.
(Ii) പി.എച്ച്.സി.

| പ്രോജക്ട് | ചെലവ് | | |
|---|---|---|---|
| | 2022-23 | 2023-24 | 2024-25 |
| രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | *₹2,18,438* | *₹10,84,946* | *₹2,61,189* |
| കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | | | |
| കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | *₹1,57,145* | *₹32,234* | *₹5,08,704* |

നോട്ട്- ബാങ്ക് ചാർജ് ചെലവ് തുകകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

**3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം.**

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് കോട്ടുവള്ളി ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നാളിതുവരെ നടത്തിയിട്ടില്ല.

**4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)**

| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.(Ii) പി.എച്ച്.സി. (320100202) UBI A/C No.28992201000259 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. (320100204) UBI A/C No.28992201000255 |
|---|---|---|
| മുന്നിരുപ്പ് | ₹2,63,413 | ₹4,83,110 |
| വരവ് (പലിശ ഉൾപ്പെടെ) | ₹5,38,466 | ₹8,18,087 |

| | | |
|---|---|---|
| ആകെ | ₹8,01,879 | ₹13,01,197 |
| ചെലവ് (ബാങ്ക് ചാർജ് ഉൾപ്പെടെ) | ₹2,61,189 | ₹5,08,707 |
| നീക്കിയിരുപ്പ് | ₹5,40,690 | ₹7,92,490 |

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വാടക കുടിശ്ശിക തുക നിലനിൽക്കുന്നു - വരവ് നഷ്ടം.

1. കോട്ടുവള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പ്രകാരം, പഞ്ചായത്തിന്റെ അധീനതയിലുള്ള താഴെചേർക്കുന്ന കെട്ടിടങ്ങളുടെ വാടക കുടിശ്ശികയായി നിലനിൽക്കുന്നു.

| ക്രമ നം. | കെട്ടിട നം. | വാടകക്കാരന്റെ പേരുവിവരം | വാടക തുക (₹) (പ്രതിമാസം) | വാടക കുടിശ്ശിക തുക |
|---|---|---|---|---|
| 1. | XI/352 | യൂസഫ് വി.എം., വലിയപറമ്പിൽ | ₹2316<br>₹2432 | 2023 നവംബർ മുതൽ മാർച്ച് 2024 വരെ.<br>2316 X 5 =₹ 11580.00<br>2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ.<br>2432 X 12 =₹29184.00 |
| 2. | XI/356 | സജീവ്കുമാർ എം.കെ., മേച്ചേരി, വള്ളുവള്ളി, കൂനമ്മാവ്. | ₹1776 | 2024 ഒക്ടോബർ മുതൽ 2025 മാർച്ച് വരെ.<br>1776x 6 =₹10656.00 |
| 3. | XI/357 | അബ്ദുൾ ജബ്ബാർ, മുടത്താട്ട്, പടിഞ്ഞാറെ കടുങ്ങല്ലൂർ. | ₹1639<br>₹1721 | 2024 ജനുവരി മുതൽ 2024 മാർച്ച് വരെ.<br>1639 X3 = ₹4917.00<br>2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ.<br>1721 X 12 = ₹20652.00 |
| 4. | XIX/45A | ജീന ജോസി, പുനത്തിൽ, കൈതാരം | ₹2432 | 2024 ഡിസംബർ മുതൽ 2025 മാർച്ച് വരെ.<br>2432 X 4 = ₹9728.00 |
| 5. | XIX/47 | ഹരീത രാകേഷ് | ₹2431<br>₹2553 | 2023-24 സാമ്പത്തിക വർഷം വാടക ഒന്നുംതന്നെ ഈടാക്കിയിട്ടില്ല.<br>2431 X 4 = ₹9724.00<br>2024 ഏപ്രിൽ മുതൽ 2024 ഡിസംബർ വരെ<br>2553 X 9 = ₹22797.00 |
| 6. | XIX/49B | ജാസ്മിൻ രാജു, കളത്തിപ്പറമ്പിൽ, കൈതാരം. | ₹3010 | 2024 ഒക്ടോബർ മുതൽ 2025 മാർച്ച് വരെ 3010 X 6 = ₹18060.00 |

| | | | | |
|---|---|---|---|---|
| | | ആകെ | | ₹137298.00 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 06/18.07.25)മറുപടിയായി, മേൽ പറഞ്ഞിരിക്കുന്നവർക്ക് കുടിശ്ശിക അടവാക്കുന്നതിലേക്കായി കത്ത് നൽകിയിട്ടുണ്ടെന്നും ക്രമനം.5 ന്റെ മേൽ ആർ. ആർ. നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2024 – 25 വർഷം വാടക ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന ₹111077/- ഉത്തരവാദിയായ വാടകക്കാരിൽ നിന്നോ അല്ലാത്തപക്ഷം വാടക ഈടാക്കാതിരുന്നതിന് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന.

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/ MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം / അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**1. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഒഴികെ).**

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 15 | ₹82,000* | ₹82,000* | ഇല്ല | - |

* 13 ജീവനക്കാർ X ₹500 X 5 മാസം = ₹32,500

14 ജീവനക്കാർ X ₹500 X 6 മാസം = ₹42,000

15 ജീവനക്കാർ X ₹500 X 1 മാസം = ₹7500

**2. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശിക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ഉൾപ്പെടെ) | | | |
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.04.2024 മുതൽ 30.06.2024 നും ഉള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല. | | | | | |

**3. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല. | | | | |

**4. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.08.2024മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 10/2024 | 0 | 0 | 6500 | @500/-X 13 Months (07/24- 07/25) |
| *2024 ഒക്ടോബർ മാസത്തിൽ സേവനത്തിൽ പ്രവേശിച്ച പാർട്ട് ടൈം സ്വീപ്പറുടെ പ്രീമിയം ടിയാളുടെ സർവീസ് റഗുലറൈസ് ചെയ്യാത്തതിനാൽ ഇതുവരെ ഈടാക്കി തുടങ്ങിയിട്ടില്ല. 01.07.24 മുതലുള്ള കുടിശ്ശിക പ്രീമിയം ഇപ്രകാരം അടവാക്കുവാനുണ്ട്. | | | | | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2024-25 | 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തിയത്. |

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര്,നമ്പർ | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 2,85,000 | എസ്.സി സ്കോളർഷിപ്പ്-142/25 | 2,85,000 | 0 |
| ബ്ലോക്ക് | 2024-25 | 7,80,000 | ഭിന്ന ശേഷി | 7,80,000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | സ്കോളർഷിപ്പ് – 4/25 | | |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 75,000 | എസ്.സി സ്ക്കോളർഷിപ്പ് – 127/25 | 75,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 2,24,000 | പൊക്കാളി കൃഷി വികസനം- 31/25 | 2,24,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 4,40,021 | പാലിന് സബ്സിഡി 18/25 | 4,40,021 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 99,882 | സാന്ത്വന പരിചരണം – 173/25 | 99,882 | 0 |
| **ആകെ** | | **₹19,03,903** | | **₹19,03,903** | |
| ജില്ലാ പഞ്ചായത്ത് | 2024-25 | 9,25,360 | തെക്കേപ്പൊക്കം ക്ഷേത്രംറോഡ് – 292/25 | 9,25,360 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 6,40,000 | ലൈഫ് ഭവന നിർമ്മാണം- എസ്.സി.പി – 15/25 | 6,40,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 1,60,000 | ലൈഫ് ഭവന നിർമ്മാണം- ടി.എസ്.പി – 16/25 | 1,60,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 8,00,000 | ലൈഫ്ഭവന നിർമ്മാണം-ജനറൽ - 14/25 | 8,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 2,60,000 | ഭിന്നശേഷി സ്കോളർഷിപ്പ് – 4/25 | 2,60,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 85,000 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – 127/25 | 85,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 10,00,000 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -142/25 | 10,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 20,00,000 | കൊപ്പറമ്പിൽ റോഡ് അറ്റകുറ്റപണി-217/25 | 20,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 1,89,000 | തോട്ടമ്പുറം റോഡ് അറ്റകുറ്റപണി-266/25 | 1,89,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 1,75,872 | പൊക്കാളി കൃഷി വികസനം -31/25 | 1,75,872 | 0 |
| **ആകെ** | | **₹62,35,232** | | **₹62,35,232** | |

*-ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ ലഭ്യമായ ₹118000/- ബാധ്യത ഹെഡിൽ നിലനിൽക്കുന്നുണ്ട്. തുക വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് ബ്ലോക്കിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ചുവടെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽനം/ ചെക്ക് നം., തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൊതുടാപ്പ് വിഛേദിക്കൽ(419/25) | ചെക്ക് നം- തീ- | ₹3,20,000 | 0 | ₹3,20,000 |
| അനർട്ട് | പഞ്ചായത്ത് ഓഫീസിൽ സോളാർ സ്ഥാപിക്കൽ, (362/25) | ബിൽനം-509/ തീ-12.03.25 | ₹7,17,480 | 0 | ₹7,17,480 |

നോട്ട്- പൊതുടാപ്പ് വിച്ഛേദിക്കൽ പ്രവൃത്തി പൂർത്തീകരിച്ച് 05.05.25 തീയതിയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. സാക്ഷ്യപത്രപ്രകാരം പ്രവൃത്തി നടപ്പാക്കുവാൻ ₹1,66,980/-യാണ് ചെലവായിട്ടുള്ളത്. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക (1,53,020/-) വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 4-5 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-6 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് - ഹഡ്കോ | ₹2,17,36,00 | 0 | ₹2,17,36,000 | 0 | - | ₹2,17,36,000 |
| ലൈഫ് - കെ.യു. ആർ. ഡി.എഫ്.സി. | ₹3,00,54,176 | 0 | ₹3,00,54,176 | ₹52,84,807 | - | ₹2,47,69,369 |

ജി.ഒ.പ്രോജക്ട് പ്രകാരം ₹52,84,807/- രൂപ തിരിച്ചടച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| **പ്രോജക്ട് നമ്പർ** | **പ്രോജക്ടിന്റെ പേര്** | **തുക** (₹) |
|---|---|---|
| 437/25 | ലൈഫ് വായ്പ തിരിച്ചടവ്(ജനറൽ) | 18,50,579 |
| 439/25 | ലൈഫ് വായ്പ തിരിച്ചടവ്(ജനറൽ) | 18,97,379 |
| 440/25 | ലൈഫ് വായ്പ തിരിച്ചടവ്(എസ്.സി.പി.) | 6,96,872 |
| 438/25 | ലൈഫ് വായ്പ തിരിച്ചടവ്(എസ്.സി.പി.) | 7,38,019 |
| 442/25 | ലൈഫ് വായ്പ തിരിച്ചടവ്(ടി.എസ്.പി.) | 53,686 |
| 441/25 | ലൈഫ് വായ്പ തിരിച്ചടവ്(ടി.എസ്.പി.) | 48,272 |
| | ആകെ | 52,84,807 |

**4-7 സ്ഥിരനിക്ഷേപം**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹1,46,16,545 |
| തൻവർഷം നിക്ഷേപിച്ച തുക | ₹7,24,418 (പലിശ) |
| ആകെ | ₹1,53,40,963 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ₹22,68,353 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹1,30,72,610 |

**4-8 ഓഡിറ്റ് റിക്കവറി**

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|
| 2022-23 | 1-14 | ₹1616 | നിറം ഓഫ് സെറ്റ് പ്രിന്റേഴ്സ് (ആദായനികുതി) | 427207660201/ 28.09.24 | 180400301 |

**4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

**4-10 ചാർജ് – സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-11 ഓഡിറ്റ് പ്രത്യവലോകനം**

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹9,19,58,802 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹10,41,84,594 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹1,11,077 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹30,77,452 |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | ₹1,11,077 | ശ്രീമതി പ്രീതി എം.ബി ,സെക്രട്ടറി |
| ആകെ | ₹1,11,077 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ക്രമ നം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | തുക |
|---|---|---|---|
| 1 | 1-15 | ശ്രീമതി സാന്ദ്ര ജോസഫ്, അസിസ്റ്റന്റ് സെക്രട്ടറി | ₹964,412/- |
| 2 | 1-16 | ശ്രീമതി പ്രീതി എം.ബി , സെക്രട്ടറി | ₹10,59,273/- |

| | | | |
|---|---|---|---|
| 3 | 1-18 | ഡോ ദീപ്തി കെ.എച്ച്<br>മെഡിക്കൽ ഓഫീസർ, ഹോമിയോ | ₹3,39,166 |
| 5 | 1-20 | ഡോ സുരേഷ് കുമാർ പി ആർ<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ₹16,980 |
| 6 | 1-21 | ശ്രീമതി രേവതി എം എസ്<br>ഐ.സി.ഡി എസ് സൂപ്പർവൈസർ | ₹6,97,621 |
| | | **ആകെ** | ₹30,77,452/- |

(സി) <u>**കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**</u>

| നികുതി ഇനം | ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| ആദായനികുതി | 1-19 | ₹69,030/- | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആദായനികുതി | 1-20 | ₹2976 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| | | ₹72,006 | |

(ഡി) <u>**നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**</u>

ഇല്ല.

(ഇ) <u>**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി പ്രീതി എം.ബി, സെക്രട്ടറി | സെക്രട്ടറി, കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് | എൽ.ഐ.ജി-579, പനമ്പിള്ളി നഗർ, കൊച്ചി-36 |
| ശ്രീമതി സാന്ദ്ര ജോസഫ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് | ഹൗസ് നമ്പർ.50/770 ബി, മനക്കൽ വീട്, പോണേക്കര റോഡ്, ഇടപ്പള്ളി പി.ഒ. |
| ഡോ ദീപ്തി കെ.എച്ച് മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് | കണ്ണംപറമ്പിൽ കൈതാരം, 683519 |
| ഡോ സുരേഷ് കുമാർ പി ആർ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് | പ്രണവം കച്ചേരിപ്പടി നോർത്ത് നോർത്ത് പറവൂർ |
| ശ്രീമതി രേവതി എം എസ് ഐ.സി.ഡി എസ് സൂപ്പർവൈസർ | ഐ.സി.ഡി എസ് സൂപ്പർവൈസർ കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് | കൊഷ്ണായ് ഹൗസ് ചെങ്ങൽ, കാലടി |

## 4-12 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ(പി-2)788/99/02.06.2000 |
| 1998-99 | എഎൽഫ്ഇ(പി-2)541/00/29.12.2000 |
| 1999-00 | എൽ.എഫ്.ഇ.പി-2-51/02/28-02.2003 |
| 2000-01 | എൽ.എഫ്.ഇ.പി.6-1323/04/04.11.2005 |
| 2001-02 | എൽ.എഫ്.ഇ.പി-6-1328/04/07/03/2005 |
| 2002-03 | എ.എഫ്.ഇ.പി.-6-1009/05/26.06.2006 |
| 2003-04 | എൽ.എഫ്.ഇ.പി.6-1546/07/26.08.2006 |
| 2009-10 | എൽ.എഫ്.പി.2/830/11/16.03.2012 |
| 2010-11<br>2011-12 | എൽ.എഫ്.ഇ.പി-2/738/13/17.05.2013/7.6.13 |
| 2012-13 | എൽ.എഫ്.ഇ,പി-10-1588/14/07.11.14/15.12.14 |
| 2013-14<br>2014-15 | കെ എസ്.എ.ഇ.കെ.എം.പി-10-2020/2015 |
| 2015-16 | കെ എസ്.എ.ഇ.കെ.എം.പി-12-2061/2016 |
| 2016-17 | കെ.എസ്.എ. ഇ.കെ.എം. (പി12) 1672/17തീയതി 20.10.17/07.12.17 |
| 2017-18 | കെ.എസ്.എ. ഇ.കെ.എം. (പി12) 2185/18 തീയതി 04.12.18 |
| 2018-19 | കെ.എസ്.എ. ഇ.കെ.എം. (പി12) 18/2020 തീയതി 09.3.2020 |
| 2019-20 | കെ.എസ്.എ. ഇ.കെ.എം. (പി12) 491/2021 തീയതി 09.07.2021 |
| 2020-21 | കെ.എസ്.എ. ഇ.കെ.എം. (പി6) 523/2022 തീയതി 21.07.2022 |
| 2021-22 | കെ.എസ്.എ.ഇ.കെ.എം.(പി12)-151/23 തീയതി 22.03.2023 |
| 2022-23 | കെ.എസ്.എ.ഇ.കെ.എം.(പി12)-1329/23 തീയതി 26.10.2023 |
| 2023-24 | കെ.എസ്.എ.ഇ.കെ.എം.(പി12)-1480/24 തീയതി 18.10.2024 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 23(1) dated 23(1) dated 04-07-2025 and submitted on 07-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Kottuvally Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kottuvally Grama Panchayat as on 31-03-2025

**Date: 16/08/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Kottuvally Grama Panchayat for the Year 2024-2025.

### 1.Major Observations

NIL

### 2.Other Observations

1)Finance Commission Grant-II nd Allotment are not taken into credit.
2)Marriage assistance distributed among widow daughters has not shown as Expemditure in AFS
3)Cash Flow statement Net increase / decrease in cash flow do not match with difference between opening balance and closing balance.
4)Basic ratios to be included in the annual financial statements (Kerala Panchayat Raj Accounts Rules 2011, rule 62(f)) are not included.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കോട്ടുവള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്